## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2442 05.02.2018-ൽ മറുപടിക്ക്**

## ഊർജ്ജ നയം

| | ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>,, ഇ.കെ.വിജയൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ ഊർജ്ജനയം ഉടൻ പ്രഖ്യാപിക്കുമോ; ആയതിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഊർജ്ജ നയരൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നതിന്, നിലവിലുള്ള സങ്കീർണ്ണമായ നടപടി ക്രമങ്ങൾ ഒഴിവാക്കി നടപടി ക്രമങ്ങൾ ലഘൂകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നേരത്തെ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രത്യേക അനുമതി, വയറിംഗ് പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി തുടങ്ങി പല രേഖകളും ഹാജരാക്കേണ്ടതുണ്ടായിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടി ക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ)മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. കൂടാതെ 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുതകണക്ഷൻ നൽകാൻ തീരുമാനം എടുത്തിട്ടുണ്ട്. 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാൻ തീരുമാനം എടുത്തിട്ടുണ്ട്. പുതിയ സർവീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പുതിയ പോസ്റ്റിനും ലൈനിനും പ്രത്യേകം പണം അടക്കുന്ന രീതി ഒഴിവാക്കുന്നതിന് നീക്കമുണ്ടോ; | (സി) | പുതിയ പോസ്റ്റിനും ലൈനിനും പ്രത്യേകം പണം അടയ്ക്കുന്ന രീതി ഒഴിവാക്കി ഉപഭോക്താക്കളുടെ കണക്റ്റഡ് ലോഡ് അല്ലെങ്കിൽ കോൺട്രാക്റ്റ് ഡിമാന്റനുസരിച്ച് ഏകീകൃത നിരക്കുകൾ ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. നിരക്ക് നിശ്ചയിക്കുന്നത് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ആണ്. ഇതിനാവശ്യമായുള്ള വിവരങ്ങൾ കമ്മീഷനു നൽകുവാനുള്ള നടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചു വരുന്നു. |
| (ഡി) | വൈദ്യുതി ബോർഡിന്റെ വെബ് പോർട്ടലിൽ ഓൺലൈനായി അപേക്ഷ നൽകുന്നതിനും അപേക്ഷ ഏത് ഘട്ടത്തിലാണെന്ന് പരിശോധിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | വൈദ്യുതി ബോർഡിന്റെ വെബ് പോർട്ടലിൽ പുതിയ സർവീസ് കണക്ഷൻ, പരാതികൾ രജിസ്റ്റർ ചെയ്യൽ എന്നിവയ്ക്ക് ഓൺ ലൈനായി അപേക്ഷ നൽകുന്നതിനും അപേക്ഷ ഏത് ഘട്ടത്തിലാണെന്ന് പരിശോധിക്കുന്നതിനും ഉള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ